**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** | **11-10-2024 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ ഡിജിറ്റൽ സംയോജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,**<br>**ശ്രീമതി ശാന്തകുമാരി കെ.,**<br>**ശ്രീ. കെ. ജെ. മാക്സി,**<br>**ശ്രീമതി ഒ എസ് അംബിക** | | **ശ്രീമതി ജെ ചിഞ്ചുറാണി**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മൃഗസംരക്ഷണ വകുപ്പ് നൽകിവരുന്ന സേവനങ്ങളും മൃഗചികിത്സാ സൗകര്യങ്ങളും അടിയന്തരമായി ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>മൃഗാശുപത്രികളുടെ പ്രവർത്തന സമ<br>ശേഷം, മൃഗസംരക്ഷണ മേഖലയി<br>കർഷകർക്ക് ആവശ്യമായ അടിയന്തി<br>മൃഗചികിത്സാ സേവനങ്ങൾ കർഷകരു<br>വീട്ടുപടിക്കൽ നൽകുവാനായി രാത്രികാ<br>അടിയന്തിര വെറ്ററിനറി സേവന<br>നടപ്പിലാക്കിയിട്ടുണ്ട്. നിലവി<br>സംസ്ഥാനത്തെ 152 ബ്ലോക്കുകളിലുൾപ്പെ<br>156 കേന്ദ്രങ്ങളിൽ പദ്ധതി അനുവദിച്ചിട്ടുണ്<br>ഇത് കൂടാതെ സംസ്ഥാനത്തെ 2<br>ബ്ലോക്കുകളിൽ കാൾ സെന്ററിന്റെ (1962<br>സഹായത്താൽ മൊബൈൽ വെറ്ററിന<br>യൂണിറ്റുകളും പ്രവർത്തിച്ച് വരുന്നു<br>സംസ്ഥാനത്തെ അവശേഷിക്കുന്ന മ<br>ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിന<br>യൂണിറ്റുകളും കൂടാതെ 12 മൊബൈ<br>സർജറി യൂണിറ്റുകൾ സംസ്ഥാനമൊട്ടാകെ<br>സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരി<br>വരികയാണ്. ഇ-സമൃദ്ധയുടെ ഭാഗമായുള്<br>മൊബൈൽ ആപ്ലിക്കേഷൻ വ<br>അപ്പോയിൻമെന്റുകൾ ബുക്ക് ചെയ്യുവാനുള്<br>സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിക<br>വകുപ്പ് ആവിഷ്കരിച്ചിട്ടുണ്<br>അപ്പോയിൻമെന്റുകൾ ബുക്ക് ചെയ്യുവാനുള്<br>സംവിധാനം പരീക്ഷണാടിസ്ഥാനത്തി<br>തിരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രികളി<br>നടപ്പിലാക്കി വരുകയാണ്. |

| | | | |
|---|---|---|---|
| (ബി) | മൃഗസംരക്ഷണ പ്രവർത്തനങ്ങളെ ഡിജിറ്റലായി സംയോജിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിട്ടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്.<br><br>മൃഗചികിത്സാ സേവനങ്ങളും മറ്റനുബന്ധ സേവനങ്ങളും കർഷകർക്കു പൊതുജനങ്ങൾക്കും ആയാസരഹിതമായ് ലഭ്യമാവുന്ന തരത്തിൽ മൃഗസംരക്ഷണ വകു ഇ-സമൃദ്ധ പദ്ധതി നടപ്പിലാക്കി വരികയാണ് കേരളത്തിലെ മൃഗസംരക്ഷണ, വെറ്ററിനറ് പ്രവർത്തനങ്ങളുടെ എല്ലാ വശങ്ങളു ഡിജിറ്റലായി സംയോജിപ്പിക്കാനാണ് ഇ- സമൃദ്ധ പദ്ധതി വഴി ലക്ഷ്യമിട്ടുന്നത് മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകർക്ക ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക ചെയ്യാനും, ആരോഗ്യ സർട്ടിഫിക്കറ്റുകള് ലഭ്യമാക്കാനും, മൃഗപരിപാലനവുമായ് ബന്ധപ്പെട്ടുള്ള മറ്റു സേവനങ്ങളെല്ലാം തന്നെ ഒരു വിരൽ തുമ്പിൽ ലഭ്യമാക്കാനും ഉതകുന്ന ഒരു സമ്പൂർണ്ണ അനിമൽ ഹെൽത്ത മാനേജ്മെന്റ് സംവിധാനമാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കുന്നത്. |
| (സി) | അടിയന്തര സന്ദർഭങ്ങളിൽ വീട്ടുപടിക്കൽ ചികിത്സാ സേവനം ലഭിക്കുന്നതിന് സാധ്യമാണോയെന്നും മറ്റെന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നതെന്നും വിശദമാക്കുമോ? | (സി) | മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുവാനായി രാത്രികാല അടിയന്തിര വെറ്ററിനറി സേവനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലുൾപ്പെടെ 156 കേന്ദ്രങ്ങളിൽ പദ്ധതി അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാനത്തെ 29 ബ്ലോക്കുകളിൽ കാൾ സെന്ററിന്റെ (1962) സഹായത്താൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളും പ്രവർത്തിച്ച് വരുന്നു. സംസ്ഥാനത്തെ അവശേഷിക്കുന്ന മറ്റ് ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിനറി യൂണിറ്റുകളും കൂടാതെ 12 മൊബൈൽ സർജറി യൂണിറ്റുകളും സംസ്ഥാനമൊട്ടാകെ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ